I യുഗപുരുഷന്റെ ജനനം

1) അര പേജിൽ കവിയാതെ എഴുതുക.

യുഗപുരുഷനായ ചട്ടമ്പിസ്വാമികളുടെ പൂർവ കുടുംബചരിത്രം.

തിരുവനന്തപുരം നഗരത്തിന്റെ സമീപപ്രദേശമായ നെയ്യാറ്റിൻകരയ്ക്കടുത്തുള്ള ഒരു ദേശമാണ് മലയിൻകീഴ്. അവിടെയുള്ള ഒരു വലിയ തറവാടായിരുന്നു മച്ചിൽ പോനിയത്ത്. ഈ കുടുംബം പണ്ഡിതന്മാരാൽ ശോഭിച്ചിരുന്നു. ഹരിഹരശാസ്ത്രികളുടെ ശിഷ്യനായ പോനിയത്തു തറവാട്ടിലെ ഈശ്വരപിള്ള ബ്രഹ്മജ്ഞാനിയായ ഒരു പണ്ഡിതനായിരുന്നു. ബ്രഹ്മനിഷ്ഠയിൽ ഇരുന്ന് അദ്ദേഹം ശരീരം ഉപേക്ഷിച്ചുവത്രേ. തറവാട്ടിലെ മറ്റൊരു പ്രധാനി, നാരായണ മൗനി നാട്ടിൽ പ്രശസ്തനും പ്രഗത്ഭ പണ്ഡിതനുമായിരുന്നു. തിരുവിതാംകൂറുകാർ മൗനിയെ ദിവ്യനായി കണ്ട് ആരാധിച്ചിരുന്നു. ഇവർക്കുപുറമേ മറ്റൊരു പണ്ഡിതൻ കൂടി ഈ തറവാട്ടിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാമം 'ഉമ്മിണി നായനാചാര്യർ' എന്നാണ്. ഇദ്ദേഹത്തിന്റെ പാണ്ഡിത്യത്തിലുള്ള മാഹാത്മ്യം കണ്ടിട്ട് സ്വാതിതിരുനാൾ അടുത്തൂൺ അനുവദിക്കുകയും അദ്ദേഹത്തെ പ്രഗത്ഭനായി പ്രഖ്യാപിക്കുകയും ചെയ്തു.

2) ബാല്യത്തിൽ ദാരിദ്ര്യം മാറ്റാൻ കുഞ്ഞൻ ചെയ്തുവന്ന ജോലികൾ എന്തെല്ലാം?

ചട്ടമ്പിസ്വാമികളുടെ ബാല്യം അതീവദാരിദ്ര്യത്തിലായിരുന്നു. കുഞ്ഞൻ എന്നായിരുന്നു സ്വാമികളെ ബാല്യത്തിൽ എല്ലാവരും വിളിച്ചിരുന്നത്. കുടുംബത്തിലെ ദാരിദ്ര്യം മാറ്റാൻ കുഞ്ഞൻ അയൽപക്കത്തെ കുറ്റിക്കാടുകളിൽ പോയി പൂ ശേഖരിച്ചു മാലകെട്ടി കൊല്ലൂർ ക്ഷേത്രത്തിൽ ഏല്പിക്കുമായിരുന്നു. അയൽ പ്രദേശത്ത് വളർന്നുനിന്നിരുന്ന താളും തകരയും ചീരയും പറിച്ചെടുത്ത് കൊല്ലൂർ മഠത്തിലെ അന്തർജനങ്ങൾക്ക് കറിവെക്കാൻ കൊടുക്കുന്നതും കുഞ്ഞന്റെ ജോലിയായിരുന്നു. ഇതിനു പ്രതിഫലമായി ലഭിച്ചിരുന്നത് കുറച്ച് ഉണക്കലരിച്ചോറു മാത്രമായിരുന്നു.

3) കുഞ്ഞൻ സംസ്കൃതം പഠിച്ചതെങ്ങനെ?

സ്കൂളിൽ ചേർന്നു പഠിക്കുവാനുള്ള ഒരു വഴിയും കുഞ്ഞനുണ്ടായിരുന്നില്ല. എന്നാൽ പഠിക്കണമെന്നുള്ള അത്യാഗ്രഹം കുഞ്ഞനുണ്ടായിരുന്നുതാനും. പിതാവിൽനിന്നും കുഞ്ഞൻ മലയാളം അക്ഷരമാല പഠിച്ചിരുന്നു. പഠിക്കാൻ പോകുന്ന കുട്ടികളിൽനിന്നും കുഞ്ഞൻ പുസ്തകം വാങ്ങി വായിക്കും. പരീക്ഷ എഴുതാതെ കുഞ്ഞൻ ഓരോ ക്ലാസിലെയും പുസ്തകങ്ങൾ വായിച്ചുകൊണ്ടിരുന്നു. കണക്കിലും വിദഗ്ധനായിരുന്നു കുഞ്ഞൻ. അക്കാലത്ത് മഠത്തിൽ സംസ്കൃതം പഠിപ്പിക്കുവാൻ ഒരു ആചാര്യൻ വന്നിരുന്നു. അദ്ദേഹം സംസ്കൃതം പഠിപ്പിക്കുമ്പോൾ കുഞ്ഞൻ മഠത്തിന്റെ മതിലിനപ്പുറം ഒളിഞ്ഞുനിന്ന് അതു കേൾക്കുമായിരുന്നു. ഒരു ദിവസം അധ്യാപകൻ കുഞ്ഞനെ കൈയോടെ പിടിച്ചു. കുഞ്ഞൻ സംസ്കൃതത്തിൽ ആർജിച്ച ജ്ഞാനംകണ്ട് ഗുരു അമ്പരക്കുകയും ബ്രാഹ്മണബാലന്മാർക്കൊപ്പമിരുന്ന് പഠിക്കാൻ അനുവദിക്കുകയും ചെയ്തു.

4. കുഞ്ഞന് ചട്ടമ്പി എന്ന പേര് ലഭിച്ചതെങ്ങനെ?

പഠിക്കാനുള്ള കുഞ്ഞന്റെ ആർത്തികണ്ട് ഒരു ബന്ധു അവനെ നിലത്തെഴുത്താശാനിൽ പ്രസിദ്ധനായ പേട്ട രാമൻപിള്ളയുടെ കളരിയിലാക്കി. പ്രായം

Scanned with CamScanner

കൂടിയവനും അതിബുദ്ധിമാനും ആയതിനാൽ ആശാൻ കുഞ്ഞൻപിള്ളയ്ക്കു ചില ചുമതലകൾ കൊടുത്തു. ആശാനില്ലാത്തപ്പോൾ വിദ്യാർഥികളെ നിയന്ത്രിക്കുക, അച്ചടക്കം പാലിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക തുടങ്ങിയവയായിരുന്നു അവ. ഇങ്ങനെ കുട്ടികളെ ചട്ടം പഠിപ്പിക്കുന്ന ചട്ടംപിള്ളയായി കുഞ്ഞൻമാറി. ആശാൻ കുഞ്ഞനെ ക്ലാസിലെ മോണിട്ടർ ആക്കി. മോണിട്ടർ എന്ന ഇംഗ്ലീഷ് പദത്തിന്റെ അർഥം ചട്ടമ്പി എന്നാണ്. അങ്ങനെയാണ് കുഞ്ഞൻ ചട്ടമ്പി കുഞ്ഞൻ പിള്ളയും ചട്ടമ്പിസ്വാമികളുമായത്.

5) കുഞ്ഞൻ സന്യാസി ലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയത് എങ്ങനെ?

OR

ഗുരുവിനെയും തന്റെ കൂട്ടുകാരേയും കുഞ്ഞൻ അത്ഭുതപ്പെടുത്തിയതെങ്ങനെ?

രാമൻപിള്ള ആശാന്റെ കളരിയിൽ പഠിക്കുന്ന കുഞ്ഞനെ ചിലപ്പോഴൊക്കെ കാണാതാവുക ഒരു പതിവായിരുന്നു. കുഞ്ഞൻ എവിടെ പോകുന്നു? ആർക്കുമറിയില്ല. കുഞ്ഞൻ എവിടെയാണെന്ന് കണ്ടുപിടിക്കാൻ ഗുരു തീരുമാനിച്ചു. ഒരു ദിവസം അവർ കുഞ്ഞനെ തിരക്കിയിറങ്ങി. പലസ്ഥലത്തും അന്വേഷിച്ചു. അവരാരും കുഞ്ഞനെ കണ്ടില്ല. അന്വേഷിച്ചുനടക്കുന്നതിനിടയിൽ അവർ വഴിയിലുള്ള ഒരു ഇടിഞ്ഞു പൊളിഞ്ഞ ക്ഷേത്രത്തിൽ കയറിനോക്കി. കാളിപ്രതിഷ്ഠക്കു മുമ്പിൽ പരിസരം മറന്നിരിക്കുകയാണ് കുഞ്ഞൻ. അവര് വന്നതും കുഞ്ഞൻ അറിഞ്ഞില്ല. ധ്യാനനിഷ്ഠനായ കുഞ്ഞനെ കണ്ട് എല്ലാവരും വിസ്മയിച്ചു.

6) കുഞ്ഞൻ ആദ്യഗുരുവിനെ കണ്ടെത്തുന്നു. എങ്ങനെ?

ആത്മീയമായ ഉണർവിൽ ശക്തമായ മനസ്സുമായി ജീവിക്കുന്ന കുഞ്ഞൻ പിള്ളയ്ക്ക് ഒരു ഗുരുവിനെ കണ്ടെത്തണമെന്ന ആഗ്രഹം ശക്തമായിരുന്നു. ഒരു ദിവസം കൊല്ലൂർ ക്ഷേത്രത്തിൽ വന്ന ഒരു സന്യാസിയെ കുഞ്ഞൻപിള്ള കണ്ടു. അദ്ദേഹം ചട്ടമ്പിയുടെ മനസ്സിനെ ആകർഷിച്ചു. ആ സന്യാസിക്കൊപ്പം സഞ്ചരിക്കാൻ ചട്ടമ്പി തീരുമാനിച്ചു. ക്ഷേത്രദർശനത്തിനുശേഷം പുറത്തിറങ്ങിയ ജടാധാരിയോടൊപ്പം ചട്ടമ്പി നടന്നു. കുറച്ചുദൂരം ചെന്നപ്പോൾ സന്യാസി തിരിഞ്ഞ് തന്നെ അനുഗമിക്കുന്നതെന്തിനാണെന്ന് ചേദിച്ചു. “അങ്ങയുടെ കൂടെ വന്നാൽ കൊള്ളാമെന്നായിരുന്നു” ചട്ടമ്പിയുടെ മറുപടി. സന്യാസി പറഞ്ഞു: എന്നെ പിന്തുടരാൻ നിനക്കു സമയമായിട്ടില്ല. തത്കാലം നിനക്കു ഞാനൊരു മന്ത്രമുപദേശിച്ചു തരാം. ആ മന്ത്രം ജപിക്കുക. അതുമതി. ഇങ്ങനെ പറഞ്ഞ് ബാലാമന്ത്രം ഉപദേശിച്ചു നൽകി. അതിനുശേഷം ചട്ടമ്പി ‘ഷൺമുഖദാസ’നെന്നും ‘ബാലാഹ്വൻ’ എന്ന പേരിലും അറിയുവാൻ തുടങ്ങി. ഒരു പ്രത്യേകതരം സുബ്രഹ്മണ്യമന്ത്രമായിരുന്നു സന്യാസി നൽകിയത്.

7) കുഞ്ഞൻപിള്ള ഷൺമുഖദാസനെന്നറിയപ്പെട്ടതെങ്ങനെ?
(ആറാമത്തെ ചോദ്യത്തിന്റെ ഉത്തരം എഴുതുക)

Scanned with CamScanner

### അധ്യായം 2

1) കുഞ്ഞൻപിള്ള ആദ്യം ചെയ്ത കൂലിപ്പണി എന്ത്?

സന്യാസവും ഭക്തിയും നല്ലതാണെങ്കിലും കുടുംബം പട്ടിണിയിലാണെങ്കിൽ അതിലൊന്നും അർഥമില്ലെന്ന് കുഞ്ഞൻപിള്ള കരുതി. വിശക്കുന്ന മനുഷ്യർക്ക് വേണ്ടത് അന്നമാണെന്നും ഉപദേശമല്ലെന്നും കുഞ്ഞൻപിള്ള മനസ്സിലാക്കി. വിജ്ഞാനദാഹം ഉള്ളിലൊതുക്കി എന്തുപണിയും ചെയ്യാൻ തയാറായാണ് കുഞ്ഞൻപിള്ള ഇറങ്ങിയത്. ഇന്ന് കാണുന്ന നിയമസഭാ മന്ദിരത്തിന്റെ പണിനടക്കുന്ന കാലം. അവിടെ കല്ലുചുമക്കാൻ കുഞ്ഞനും കൂടി. അതായിരുന്നു കുഞ്ഞൻ ചെയ്ത ആദ്യകൂലിപ്പണി. കാലത്തിനുശേഷം ചട്ടമ്പിസ്വാമികൾ പറയുമായിരുന്നു എന്റെ അധ്വാനവും ഉണ്ട് നമ്മുടെ സെക്രട്ടറിയേറ്റിന് എന്ന്.

2) കുഞ്ഞൻപിള്ള രണ്ടാമത് ചെയ്ത ജോലി എന്ത്?

കല്ല് ചുമട് അധികകാലം നീണ്ടുനിന്നില്ല. കൊല്ലൂർ അമ്മാവൻ എന്ന് കുടുംബത്തിൽ അറിയപ്പെട്ടിരുന്ന കൃഷ്ണപിള്ള ചട്ടമ്പിയുടെ സഹോദരൻ തന്നെ. അദ്ദേഹം ചട്ടമ്പിയെ നെയ്യാറ്റിൻകരയിലേക്കു കൊണ്ടുപോയി. നെയ്യാറ്റിൻകരയിലും ഭൂതപ്പാണ്ടിയിലും ആധാരമെഴുത്തായിരുന്നു പണി. ആധാരമെഴുത്തിന് വരുമാനം കൃത്യമായി ഇല്ല. ഒരു ആധാരത്തിന് ഒരു പണം അതാണ് കണക്ക്. അക്കാലത്ത് നെയ്യാറ്റിൻകരയിലെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ഷൺമുഖസുന്ദരംപിള്ളയ്ക്ക് കുഞ്ഞൻചട്ടമ്പിയുടെ കൈപ്പടകണ്ട് ഇഷ്ടം തോന്നി. അതുകൊണ്ട് ഷൺമുഖസുന്ദരംപിള്ള കുഞ്ഞന് ഒരു സൗജന്യം ചെയ്യാൻ തീരുമാനിച്ചു. ആധാരം എഴുതിയാലും ഇല്ലെങ്കിലും എട്ടു ചക്രം ഓഫീസിൽനിന്ന് കൊടുക്കാൻ ഏർപ്പാടുണ്ടാക്കി. എന്നാൽ ആ സൗജന്യം വാങ്ങാൻ കുഞ്ഞൻപിള്ള ഒരുക്കമായിരുന്നില്ല. അദ്ദേഹം എല്ലാദിവസവും കഠിനമായി പണിയെടുത്തു. അധ്വാനിക്കാതെ ലഭിക്കുന്ന കാശ് ഉതകുകയില്ലെന്ന് കുഞ്ഞൻ പറഞ്ഞിരുന്നു.

3) കുഞ്ഞൻപിള്ള സർക്കാർ ഉദ്യോഗസ്ഥനായതെങ്ങനെ?

തിരുവിതാംകൂറിലെ അക്കാലത്തെ ദിവാൻ സർ ടി. മാധവരായർ ആയിരുന്നു. അദ്ദേഹം സെക്രട്ടറിയേറ്റിൽ ചില ഭരണ പരിഷ്കാരങ്ങൾ കൊണ്ടുവന്നു. കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിന് അവിടെ കുറേ ഗുമസ്തന്മാരെ നിയമിക്കാൻ ദിവാൻ തീരുമാനിച്ചു. അപേക്ഷ ക്ഷണിച്ചു. ഒരു പ്രവേശനപരീക്ഷ നടത്തുവാനും തീരുമാനിച്ചു. അപേക്ഷിച്ചവർക്കെല്ലാം ദിവാൻ കണക്കുമായി ബന്ധപ്പെട്ട് ഒരു ചോദ്യം നൽകി. പിറ്റേദിവസം തന്നെ ഉത്തരം നൽകണമെന്നും ആജ്ഞാപിച്ചു. പിറ്റേ ദിവസം തന്നെ കുറെപ്പേർ കൃത്യമായ ഉത്തരം നൽകി. വീണ്ടും ദിവാൻ ചോദ്യം നൽകി. ഇവരെല്ലാം കൃത്യമായ ഉത്തരം എഴുതി സമർപ്പിച്ചു. ദിവാനു സംശയമായി. അപേക്ഷകരെ രഹസ്യമായി വിളിച്ച് സത്യം ബോധിപ്പിക്കുവാൻ പറഞ്ഞു: 'കുഞ്ഞൻപിള്ള ചട്ടമ്പിയാണ് ഉത്തരം പറഞ്ഞുതന്നതെന്നവർ പറഞ്ഞു. കുഞ്ഞൻപിള്ളയെ ഹാജരാക്കുവാൻ ഉത്തരവായി. ഏതു ഗണിത പ്രശ്നത്തിനും ഉത്തരം കണ്ടെത്തുമോ എന്ന ദിവാന്റെ ചോദ്യത്തിനു കുഞ്ഞൻ പിള്ള വിനീതമായി ശ്രമിച്ചുനോക്കാം എന്നുപറഞ്ഞു. വളരെ ബുദ്ധിമുട്ടേറിയ ഒരു ചോദ്യം

Scanned with CamScanner

ചട്ടമ്പിക്കു നൽകി. കൈവിരലിൽ എണ്ണം പിടിച്ച് നിമിഷം കൊണ്ട് ചട്ടമ്പി ഉത്തരം പറഞ്ഞു. ദിവാൻ അതിശയിച്ചുപോയി. കുഞ്ഞൻപിള്ളയെ മാസം നാലുരൂപാ ശമ്പളത്തിൽ ദിവാൻ ഹജൂർ കച്ചേരിയിൽ നിയമിച്ചു.

4) കുഞ്ഞൻപിള്ള സർക്കാർ ഉദ്യോഗം അവസാനിപ്പിച്ചതെങ്ങനെ?

കുഞ്ഞൻപിള്ളയെ സർക്കാർ കണക്കെഴുത്തുപിള്ളയായി നിയമിച്ചു. ചട്ടമ്പിയുടെ പ്രാവീണ്യം കണ്ടറിഞ്ഞ് മാധവരായർ പത്തുരൂപ ശമ്പളം നൽകി. അന്നത് വളരെ വലിയസംഖ്യ ആയിരുന്നു. എന്നാൽ പത്തുരൂപ കുഞ്ഞൻപിള്ള സ്വീകരിച്ചില്ല. അർഹതപ്പെട്ട നാലുരൂപ മതിയെന്ന് തീർത്തുപറഞ്ഞു. കുഞ്ഞൻ പിള്ളയെ ജോലിക്കു നിയമിച്ചത് ത്രിവിക്രമൻ തമ്പി എന്നൊരാളുടെ കീഴിലായിരുന്നു. കേരള വർമ്മ വലിയകോയിതമ്പുരാനെ അന്നത്തെ മഹാരാജാവിന്റെ കല്പന അനുസരിച്ച് അറസ്റ്റു ചെയ്തു നാടുകടത്തി തന്റെ പരാക്രമം തെളിയിച്ച ആളാണ് ത്രിവിക്രമൻ തമ്പി. തമ്പിയോട് ഒരത്യാവശ്യഘട്ടത്തിൽ കുഞ്ഞൻപിള്ള കുറച്ച് അവധിക്കപേക്ഷിച്ചു. തമ്പി അവധി നൽകിയില്ല. എന്നല്ല നാളെ കൃത്യമായി വരണമെന്നുപറയുകയും ചെയ്തു. മറുപടിയായി കുഞ്ഞൻപിള്ള പറഞ്ഞു "ഞാൻ ഇനി എപ്പോൾ ഇവിടെ വന്നിരിക്കുമോ അപ്പോൾ എന്നെ നോക്കണം" എന്നായിരുന്നു. ഈ സംവാദത്തോടെ ചട്ടമ്പി പിണങ്ങിപ്പിരിഞ്ഞു.

5) ചട്ടമ്പിയും സുബ്ബജടാപാഠിയും തമ്മിലുള്ള ബന്ധം ചുരുക്കി പ്രതിപാദിക്കുക.

തിരുവനന്തപുരത്തു നടക്കുന്ന നവരാത്രി ഉത്സവത്തിനാണ് ജടാപാഠികൾ അവിടെ എത്തിയത്. അദ്ദേഹത്തിന്റെ പ്രഭാഷണം കുഞ്ഞൻപിള്ളയെ ആകർഷിച്ചു. കുഞ്ഞൻപിള്ളയുടെ ഗുരുവായിരുന്ന സ്വാമിനാഥ ദേശികർ മുഖേന അദ്ദേഹം ജടാപാഠിയെ പരിചയപ്പെട്ടു. ചട്ടമ്പിയുടെ പരിജ്ഞാനം ജടാപാഠിക്കു ബോധ്യമായി. സുബ്ബജടാപാഠിവല്ലഭർ എന്നാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. തമിഴ് നാട്ടിലെ കല്ലടക്കുറിച്ചിയിലായിരുന്നു അദ്ദേഹത്തിന്റെ താമസം. കുഞ്ഞൻപിള്ള ജടാപാഠിയോടൊപ്പം അവിടെപോയി. അവിടെ നാലുവർഷം താമസിച്ചു. ജടാപാഠിയുടെ ഭവനത്തിനടുത്തു വസിച്ചിരുന്ന ഒരു യോഗിയിൽനിന്ന് കുഞ്ഞൻപിള്ള തമിഴ് ശൈലിയിലുള്ള യോഗമുറകൾ അഭ്യസിച്ചു. അവിടെ വസിക്കുമ്പോഴാണ് സംഗീതത്തിലും കുഞ്ഞൻപിള്ള പ്രാവീണ്യം നേടിയത്.

6) "ആഗ്രഹിച്ചതുപോലെ കുഞ്ഞൻപിള്ള ഒരു ഗുരുവിനെ കണ്ടെത്തി"- എങ്ങനെ?

ജടാപാഠികളുടെ ഭവനത്തിൽനിന്ന് മടങ്ങുംവഴി കുഞ്ഞൻപിള്ള വടിവീശ്വരം എന്ന സ്ഥലത്ത് എത്തി. അവിടെ ഒരു വീട്ടിൽ അടിയന്തരസദ്യ നടക്കുന്നുണ്ടായിരുന്നു. ഊണുകഴിഞ്ഞ് പുറത്തേക്കിട്ട ഉച്ഛിഷ്ടം ഭക്ഷിക്കുവാൻ ഒരു പറ്റം നായ്ക്കൾക്കൊപ്പം ഒരു വൃദ്ധനും വന്നു. വൃദ്ധനും നായ്ക്കളും യാതൊരു സ്പർധയുമില്ലാതെയാണ് അവിടെ എച്ചിൽ തീറ്റ തുടങ്ങിയത്. കുഞ്ഞൻപിള്ള വൃദ്ധനെ ശ്രദ്ധിച്ചു. ആ സമയം അവിടെ കൂടിയിരുന്ന കുട്ടികൾ വൃദ്ധനെ എറിഞ്ഞു; പട്ടികളേയും. എത്ര ഏറുകൊണ്ടിട്ടും വൃദ്ധൻ എതിർപ്പുപറഞ്ഞില്ല. കുഞ്ഞൻപിള്ള നിരീക്ഷിക്കുന്നുവെന്നു മനസ്സിലാക്കിയ വൃദ്ധൻ അവിടെനിന്നു നടക്കാൻ തുടങ്ങി. പിന്നാലെ കുഞ്ഞൻപിള്ളയും. പത്ത് പന്ത്രണ്ട് നാഴിക അവർ നടന്നുകാണും.

Scanned with CamScanner

പെട്ടെന്ന് ഒരു യുവാവിനെപോലെ വൃദ്ധൻ ഓടാൻ തുടങ്ങി. അവർ ഒരു കാട്ടിലേക്കു പ്രവേശിച്ചു. അപ്പോഴേക്കും കുഞ്ഞൻപിള്ള ബോധംപോയി വീണു. തന്നെ പിന്തുടർന്ന യുവാവ് ആദ്ധ്യാത്മികതേജസ്സുള്ള വ്യക്തിയാണെന്ന് തിരിച്ചറിഞ്ഞ ഭിക്ഷു കുഞ്ഞൻപിള്ളയെ താങ്ങിയിരുത്തി. ബോധംവന്ന കുഞ്ഞൻപിള്ള കണ്ടത് അഭൗമതേജസ്സുള്ള ഭിക്ഷുവിനെയാണ്. കരുണാമയനായ ആ യോഗീവര്യൻ പ്രണവമന്ത്രമുപദേശിച്ചു. കുഞ്ഞൻപിള്ളയിൽ അതോടെ നവീനമായ ഒരു ആദ്ധ്യാത്മിക തേജസ്സുണർന്നു. അങ്ങനെ കുഞ്ഞൻപിള്ള യഥാർഥ ഗുരുവിനെ കണ്ടെത്തി.

### അധ്യായം 3

1) സാധാരണ പുരുഷനിൽനിന്ന് ആധ്യാത്മികപുരുഷനിലേക്കുള്ള യാത്ര സ്വാമികൾ ആരംഭിച്ചു കഴിഞ്ഞു. എങ്ങനെ?

തിരുവനന്തപുരത്ത് മടങ്ങി എത്തുമ്പോൾ കുഞ്ഞൻപിള്ളയിൽ വൻതോതിലുള്ള മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞിരുന്നു. ബ്രഹ്മചര്യത്തിന്റെ കർശന നിഷ്ഠകളാൽ പരിവ്രാജകനാകാൻവേണ്ട യോഗ്യത ചട്ടമ്പിക്കുണ്ടായി. യുവത്വത്തെ മദിപ്പിക്കുന്ന ഭോഗാസക്തിയൊന്നുംതന്നെ ചട്ടമ്പിയിൽ ഏശിയില്ല. കിട്ടുന്നത് കഴിക്കുക, ഇടം കിട്ടിയിടത്ത് കിടക്കുക, സൗകര്യങ്ങളെക്കുറിച്ചാലോചിക്കാതെ ജീവിക്കുക, ഇതായിരുന്നു ജീവിതചര്യ. അമ്മയുടെ മരണത്തെതുടർന്നു പൂർണമായും വീടുവിട്ടു. സന്യാസത്തിലേക്കുപോകാൻ ഉള്ള തയ്യാറെടുപ്പായിരുന്നു ഇക്കാലത്തെ ജീവിതചര്യ.

2) കുഞ്ഞൻപിള്ള ചട്ടമ്പിയുടെ ആദ്യത്തെ സേവനം എന്തായിരുന്നു?

കുഞ്ഞൻപിള്ളയുടെ അകന്ന ഒരു ബന്ധുവായിരുന്നു ഓവർസിയർ കേശവപിള്ള. പൊതുമരാമത്തുവകുപ്പിലായിരുന്നു ജോലി. കുറച്ചുകാലമായി കേശവപിള്ളയുടെ ഭാര്യയ്ക്ക് പനിവരുമായിരുന്നു. അതോടെ ഉദരരോഗവും ആരംഭിക്കും. ചികിത്സിച്ചിട്ടും ഭേദമുണ്ടായില്ല. അങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് കുഞ്ഞൻപിള്ളയെക്കുറിച്ച് അവർ അറിയുന്നത്. കേശവപിള്ള കുഞ്ഞൻപിള്ളയെ വീട്ടിലേക്കു ക്ഷണിച്ചു. അദ്ദേഹം വീട്ടിലെത്തി. ഭാര്യയുടെ അസുഖത്തെക്കുറിച്ച് കേശവപിള്ള പറഞ്ഞു. ചില മരുന്നുകൾ അവർക്കു നൽകുകയും ഒരു വിശ്വാസത്തിനായി ചെറിയ മന്ത്രവാദം നടത്തുകയും ചെയ്തു. അത്ഭുതം തന്നെ. അവരുടെ അസുഖം മാറി. ഇതോടെ കുഞ്ഞൻപിള്ള ദിവ്യനാണെന്ന് ഒരു ധാരണ നാട്ടിൽ പരന്നു. കേശവപിള്ള കുഞ്ഞൻപിള്ളയെ വീട്ടിൽ തന്നെ താമസിപ്പിച്ചു. അങ്ങനെ കുഞ്ഞൻപിള്ളക്ക് ഒരു താത്കാലിക താമസസ്ഥലവും ലഭിച്ചു.

3) ചട്ടമ്പിക്ക് വിദ്യാധിരാജൻ എന്നു പേര് ലഭിച്ചത് എങ്ങനെ?
(പാഠസംഗ്രഹം നോക്കുക)

### അധ്യായം 4

1) നാരായണഗുരുവും ചട്ടമ്പിസ്വാമികളുമായുള്ള ആദ്യ സന്ദർശനത്തെക്കുറിച്ച് എഴുതുക.

1882- ലാണ് നാണുവാശാൻ എന്നു വിളിക്കപ്പെടുന്ന നാണു സംസ്കൃത പഠനം കഴിഞ്ഞ് സ്വദേശമായ ചെമ്പഴന്തിയിൽ എത്തിയത്. നാണു ഒരു ബ്രഹ്മചാരിയെ

Scanned with CamScanner

പോലെയാണ് കഴിഞ്ഞിരുന്നത്. നാണുവിനെ ഗൃഹസ്ഥാശ്രമിയാക്കാൻ ബന്ധുക്കൾ ശ്രമിച്ചെങ്കിലും അദ്ദേഹം ബ്രഹ്മചാരിയായിത്തന്നെ കഴിഞ്ഞു. യോഗശാസ്ത്രവും വൈദ്യവും പഠിക്കണമെന്നായിരുന്നു നാണുവിന്റെ ആഗ്രഹം. അദ്ദേഹത്തിന്റെ അഭ്യുദയകാംക്ഷിയായ പൊടിപ്പറമ്പിൽ നാരായണപിള്ളയെ വിവരം അറിയിച്ചു. നാരായണപിള്ള നാണുവിനെ അണിയൂർ ക്ഷേത്രത്തിൽ വച്ച് ചട്ടമ്പിസ്വാമികളുമായി പരിചയപ്പെടുത്തി. നാണുവിൽ ഒരു ആദ്ധ്യാത്മികജ്ഞാനി ഉണ്ടെന്ന് ചട്ടമ്പി മനസ്സിലാക്കി. വാമനപുരത്ത് താമസിക്കുന്ന ചട്ടമ്പിയുടെ അടുത്തേക്കു നാണു വന്നു. അവിടെനിന്നും വൈദ്യം, യോഗശാസ്ത്രം എന്നിവയിൽ നാണുവാശാൻ ഉപരിപഠനം നടത്തി.

2) അയ്യാവു സ്വാമിയുമായുള്ള ബന്ധം ചട്ടമ്പിസ്വാമികൾ ഉപേക്ഷിച്ചത് എന്തുകൊണ്ട്?

തൈക്കാട്ട് അയ്യാവുസ്വാമികൾ വേദാന്തിയും വിജ്ഞാനിയുമായിരുന്നു. നാരായണഗുരുവും ചട്ടമ്പിസ്വാമികളും അയ്യാവുസ്വാമികളെ ഏറെ ബഹുമാനിക്കുകയും ഗുരുസ്ഥാനീയപദവി നൽകുകയും ചെയ്തിരുന്നു. എന്നാൽ രാസപാകപ്രക്രിയ ഉപയോഗിച്ച് സ്വർണമുണ്ടാക്കാനുള്ള അയ്യാവുവിന്റെ ശ്രമം കണ്ടപ്പോൾ അദ്ദേഹവുമായുള്ള ബന്ധം നല്ലതല്ലെന്ന് രണ്ടുപേരും ഉറച്ചു. ചട്ടമ്പിയും ശ്രീനാരായണനും അയ്യാവുസ്വാമിയുമായുള്ള ബന്ധം ഉപേക്ഷിച്ചതെങ്ങനെയാണ്.

3) തീർഥയാത്രയിലൂടെ അവർക്കു ലഭിച്ച ഗുണമെന്ത്?

കായ്കനികൾ ഭക്ഷിച്ചും അരുവികളിൽനിന്നു വെള്ളം കോരിക്കുടിച്ചും ഹിംസ്രജന്തുക്കളുമായി സഹവസിച്ചും ചട്ടമ്പിയും നാരായണനും സഹ്യന്റെ സാനുവിലൂടെ യാത്രനടത്തി. ആ യാത്രയിൽ അവർ ആത്മവിദ്യയുടെ ഉന്നതങ്ങൾ ദർശിച്ചു. ഗുഹാന്തരങ്ങളിലും വനപ്രദേശങ്ങളിലും ബാഹ്യലോക ബന്ധമില്ലാതെ തപോവൃത്തരായിക്കഴിഞ്ഞ ആ കാലഘട്ടത്തിലാണ് അഗാധമായ ആത്മബോധം അവർക്കനുഭവിക്കാൻ കഴിഞ്ഞത്. തെക്കൻ ദിക്കുകളിൽ ഇവരുടെ പാദസ്പർശമേൽക്കാത്ത ദിക്കുകൾ ഇല്ലായിരുന്നു. ജ്ഞാനലബ്ധിക്കും മനുഷ്യനെ മനുഷ്യനായി കാണുവാനും മഹനീയമായ ആശയങ്ങളെ ദൃഢീകരിക്കുവാനും ഈ തീർഥയാത്രയിലൂടെ അവർക്കു കഴിഞ്ഞു.

## അധ്യായം 5

1) ചട്ടമ്പിസ്വാമികളുടെ പ്രശസ്തിവർധിപ്പിക്കാനിടയായ സംഭവം എന്ത്?

എല്ലാ ചരാചരങ്ങളിലും പ്രസരിക്കുന്ന ശക്തിയെ സ്വാനുഭവങ്ങളിലൂടെ മനസ്സിലാക്കിയ സ്വാമികൾ അഹിംസാത്മകമായ മാനസികാവസ്ഥയിലൂടെ ഏതു ജീവിയേയും വശത്താക്കാൻ കഴിയുമെന്ന് തെളിയിക്കാൻ ഒരു പ്രവൃത്തി ചെയ്തു. അതിനുള്ള ഒരവസരവും സ്വാമികൾക്കു ലഭിച്ചു. ആയിടെ ഉദ്യോഗത്തിലെത്തിയ ഒരു ധനാഢ്യൻ സ്വാമികളെ ഭക്ഷണത്തിനു ക്ഷണിച്ചു. സ്വാമികൾ ക്ഷണം സ്വീകരിച്ചു. ഒരുപാധിയോടെയാണ് ക്ഷണം സ്വീകരിച്ചത്. തന്റെ കുറച്ചുശിഷ്യന്മാർക്കുകൂടി ഭക്ഷണം നൽകണം. ഉദ്യോഗസ്ഥൻ തലകുലുക്കി സമ്മതിച്ചു. സ്വന്തം പ്രതാപം കാട്ടാനുള്ള അവസരം പാഴാക്കരുതല്ലോ. സ്വാമികൾ സദ്യയ്ക്കു വന്നു.

Scanned with CamSca

പക്ഷേ, ശിഷ്യന്മാരെ കണ്ടില്ല. എന്താണ് ശിഷ്യന്മാരെത്താത്തതെന്ന ആതിഥേയന്റെ സംശയത്തിനു സ്വാമികൾ പറഞ്ഞു: "അവർ ഉടനെ എത്തും. സദ്യവിളമ്പിക്കൊള്ളുക." സദ്യവിളമ്പിയതും ഒരതിശയം സംഭവിച്ചു. നഗരത്തിൽ അലഞ്ഞു നടന്നിരുന്ന പത്ത്-പതിനഞ്ച് പട്ടികൾ നിരനിരയായിവന്നു സ്വാമിയുടെ അനുജ്ഞ മാനിച്ചു ഓരോ ഇലയുടെയും പിറകിലായി ഇരുപ്പുറപ്പിച്ചു. ബഹളപ്രിയരായ പട്ടികൾ അച്ചടക്കം പാലിച്ചു. അവർ ഭക്ഷണം കഴിക്കാനാരംഭിച്ചു. അപ്പോൾ സ്വാമികൾ ഉദ്യോഗസ്ഥനോട് പറഞ്ഞു. നിങ്ങൾ ഭയക്കണ്ട. ഇവ ഉപദ്രവിക്കുകയില്ല. പൂർവജന്മത്തിൽ ഈ പട്ടികൾ ഉദ്യോഗസ്ഥരായിരുന്നു. ഇവർ അഴിമതി, ജനദ്രോഹം മുതലായവ ചെയ്തതുകൊണ്ട് ഈ ജന്മത്തിൽ ശ്വാനന്മാരായി ജനിച്ചു. ഇതാണ് സത്യം. ഇക്കാര്യം അവർക്കറിയില്ല. ഭക്ഷണം കഴിഞ്ഞ് അവർ പൊയ്ക്കൊള്ളും. സ്വാമി അങ്ങനെ ആജ്ഞാപിക്കുകയും ഭക്ഷണം കഴിഞ്ഞ് അവ ബഹളമുണ്ടാക്കാതെ പോവുകയും ചെയ്തു.

ഈ സംഭവം ചട്ടമ്പിസ്വാമികളെ ഒരത്ഭുതമനുഷ്യനാക്കി മാറ്റി.

2) സ്വാമികൾ കുടൽ ശുദ്ധിചെയ്തിരുന്നതെങ്ങനെ?

യോഗശാസ്ത്രത്തിലെ ഒരു വിദ്യ പ്രയോഗിച്ചാണ് സ്വാമികൾ കുടൽ ശുദ്ധി ചെയ്തിരുന്നത്. യോഗനിഷ്ഠ ഭംഗിയായി അഭ്യസിച്ചിട്ടുള്ള ഒരാൾക്കു മാത്രമെ അതു ചെയ്യാൻ കഴിയൂ. പാദം മൂടത്തക്കംവിധം ജലോപരിതലത്തിലിരുന്നിട്ട് പ്രാണയാമത്തിലൂടെ കുടലിലേക്കു ജലം വലിച്ചുകയറ്റുകയും കുടൽ ശുദ്ധിയാക്കി വിസർജിക്കുകയും ചെയ്യുന്നു.

3) ഏറ്റുമാനൂർ ക്ഷേത്രത്തിൽ വച്ച് ചട്ടമ്പിസ്വാമികൾ നടത്തിയ പരീക്ഷണം എന്ത്?

ഏറ്റുമാനൂർ ക്ഷേത്രത്തിൽവച്ച് രസകരമായ ഒരു സംഭവമുണ്ടായി. ക്ഷേത്രത്തിൽ ഉത്സവത്തിന് മേളത്തിനുവന്ന മുണ്ടംപിള്ളിമാരാർ തനിക്ക് 'പ്രമാണ'ത്തിനു നിൽക്കുകയല്ലാതെ കാര്യമായി നിന്ന് താളമിടാനാവില്ലെന്നു പറഞ്ഞു. അതുകേട്ട ചട്ടമ്പിസ്വാമികൾ താനും മേളത്തിനു കൂടാമെന്നു പറഞ്ഞു. ചെണ്ടയും കോലുമെടുത്ത് മേളക്കാർക്കിടയിൽ മുണ്ടംപിള്ളിമാരാർക്കൊപ്പം മുൻനിരയിൽ നിന്നു. മേളം മുറുകി. കുഞ്ഞൻപിള്ള ഉരുട്ടുചെണ്ടയിൽ തന്റെ മിടുക്കുകാട്ടി. എല്ലാവരും അതിശയിച്ചുനിന്നു. മാരാർ കുഞ്ഞൻപിള്ളയ്ക്കു ഒരു 'പണി' കൊടുക്കാൻ തീരുമാനിച്ചു. ചില താളങ്ങൾ മാരാർ മാറിമാറി നൽകി. കുഞ്ഞൻപിള്ള അത് കൊട്ടിക്കയറി എന്നു മാത്രമല്ല കുഞ്ഞൻകൊടുത്ത ഒരുതാളം കൊട്ടാൻ മാരാർ വിഷമിക്കുകയും ചെയ്തു. 'എവിടെനിന്നാണ് ചെണ്ടവായന പഠിച്ച'തെന്ന ചോദ്യത്തിന് 'പഠിച്ചിട്ടൊന്നുമില്ല വെറുതെ കൊട്ടുന്നു അത്രതന്നെ' എന്നുത്തരം പറഞ്ഞു. മാരാർ അതു വിശ്വസിച്ചുവോ ആവോ?

## അധ്യായം 6

1) ചട്ടമ്പിസ്വാമികളും വിവേകാനന്ദനുമായുള്ള കൂടിക്കാഴ്ചയെക്കുറിച്ച് ഒരു ഖണ്ഡിക തയാറാക്കുക.

1892 ഡിസംബറിലാണ് വിവേകാനന്ദസ്വാമികൾ എറണാകുളത്തുവന്നത്. കൊളമ്പിലേക്കുള്ള യാത്രാമധ്യേ കേരളത്തിൽ വന്നതാണ് അദ്ദേഹം. അദ്ദേഹ

Scanned with CamScanner